**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **11-02-2025 - ൽ മറുപടിയ്ക്ക്**

**വിതുര ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വിതുര ഗ്രാമപഞ്ചായത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആറ്റുമൺപുറം പാലം, നാരകത്തിൻകാല-മുണ്ടൻകുഴി പാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ആറ്റുമൺപുറം പാലം പൂർത്തികരണവും അപ്രോച്ച് റോഡ് നിർമ്മാണത്തിനുമുള്ള 141 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി എൽ.എസ്.ജി.ഡി സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിക്കുകയും ആയത് ന്യൂനതകൾ പരിഹരിക്കുന്നതിന് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.<br><br>നാരകത്തിൻകാല- മുണ്ടൻക്കുഴി പാലം നിർമ്മാണത്തിനുള്ള 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 23.08.2024 ന് സാങ്കേതിക അനുമതി ലഭ്യമായതായും സോയിൽ ടെസ്റ്റ് കഴിഞ്ഞ് 23.01.2025 ന് കരാറുകാരനുമായി എഗ്രിമെന്റ് വച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ